**സബ്മിഷൻ**

(1) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്കുള്ള ശിക്ഷായിളവ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനം കണ്ട ഏറ്റവും ക്രൂരവും പൈശാചികവുമായ കൊലപാതകമായിരുന്നു ടി. പി. ചന്ദ്രശേഖരന്റേത്. ഒരു രാഷ്ട്രീയ പ്രവർത്തകനെ ഇത്രയും ഹീനമായ രീതിയിൽ കൊലചെയ്യപ്പെട്ട മറ്റൊരുസംഭവം ഇവിടെ ഉണ്ടായിട്ടില്ല. കേരള മനഃസാക്ഷിയെ മുഴുവൻ ഞെട്ടിച്ച സംഭവമാണ്. ഈ കേസ് ഹൈക്കോടതിയിൽ വന്നപ്പോൾ പല പ്രതികളുടെയും ജീവപര്യന്തം തടവ് ഇരട്ടി ജീവപര്യന്തമാക്കി. പ്രതിപക്ഷത്തെ ഞെട്ടിച്ചിരിക്കുന്ന സംഭവം, 13-06-2024-ൽ കണ്ണൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷൻ ഹോം സൂപ്രണ്ട് ഔദ്യോഗികമായ ഒരു കത്ത് സിറ്റി പോലീസ് കമ്മീഷണർക്ക് കൊടുത്തിരിക്കുകയാണ്. ആ കത്തിൽ, 56 ജയിൽപ്പുള്ളികളുടെ പേരുവിവരങ്ങൾകൊടുത്ത് അവർക്ക് ശിക്ഷായിളവ് നൽകാനുള്ള നടപടികൾ ആരംഭിക്കുകയാണ്. അതിനാൽ അവരുടെ പ്രൊബേഷൻ റിപ്പോർട്ടുകൾ സഹിതം അവരുടെ ബന്ധുക്കൾ, കുറ്റകൃത്യത്തിനിരയായവർ അല്ലെങ്കിൽ അവരുടെ ബന്ധുക്കൾ എന്നിവരിൽനിന്നുള്ള പ്രതികരണമുൾപ്പെടെയുള്ള

അന്വേഷണ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി നൽകണമെന്നുള്ള ഔദ്യോഗികമായ കത്താണത്. അതനുസരിച്ച് ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ഒരു കാരണവശാലും ശിക്ഷായിളവ് കൊടുക്കരുതെന്നുള്ള കാര്യം അതിനകത്തുണ്ട്. അതുമാത്രമല്ല, ഞങ്ങളെ ഞെട്ടിച്ചത്. 2018-ലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി സംസ്ഥാനങ്ങളോട്, നിങ്ങൾ റെമിഷന് ശിക്ഷാകാലയളവ് നൽകുമ്പോൾ ഇതിന് ചില മാനദണ്ഡങ്ങൾ ഉണ്ടാക്കണമെന്ന് പറയുന്നത്. അതിന്റെ ഭാഗമായി സർക്കാർ, 23-11-2018-ൽ മാർഗ്ഗനിർദേശങ്ങളും മാനദണ്ഡങ്ങളുമുണ്ടാക്കി. ആ മാനദണ്ഡത്തിലെ പതിനൊന്നാമത്തെ ഐറ്റം, രാഷ്ട്രീയ കൊലപാതകങ്ങളിൽപ്പെട്ട പ്രതികൾക്ക് ഒരു കാരണവശാലും അവരുടെ ജീവപര്യന്തം തടവ് 14 വർഷം പൂർത്തിയാകുന്നതുവരെ അവർക്ക് ശിക്ഷായിളവ് കൊടുക്കരുതെന്നാണ്. നമ്മളെ അത്ഭുതപ്പെടുത്തിക്കൊണ്ട് 25-11-2022-ൽ സർക്കാർ ഒരു പുതിയ ഉത്തരവ് ഇറക്കി. ആ ഉത്തരവിൽ 2018-ലെ രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തിയ പ്രതികളെ ശിക്ഷായിളവിൽനിന്നും ഒഴിവാക്കണമെന്നുള്ളത് എടുത്തുമാറ്റി. 2022-ൽ ഈ പ്രതികൾക്ക്

ഇളവുകൊടുക്കാനുള്ള ഗൂഢാലോചന ആരംഭിക്കുകയാണ്. മാത്രമല്ല, Kerala Prisons and Correctional Services (Management) Act, 2010-ലെ 78(2) വകുപ്പ് അനുസരിച്ച് പറയുന്നത് 'ഒരാളുടെ ശിക്ഷാ കാലാവധിയുടെ മൂന്നിലൊന്നിൽ താഴെയായിരിക്കണം അയാൾക്ക് ആകെ കൊടുക്കുന്ന പരോൾ, ശിക്ഷായിളവ്, ലീവ് ഇതെല്ലാം കണക്കാക്കി നോക്കിയാൽ അയാളുടെ മൊത്തം ശിക്ഷാകാലാവധിയുടെ മൂന്നിലൊന്നിൽ താഴെയേ ആകാൻ പാടുള്ളൂവെന്നാണ്. പക്ഷേ ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾ മിക്കവാറും സമയം പരോളിലാണ്. അവർക്ക് ഇനി ശിക്ഷായിളവ് കൊടുക്കുമ്പോൾ പ്രിസൺ ആക്റ്റിലെ ഈയൊരു പ്രൊവിഷൻ തടസ്സമായി മാറും. അവർക്കൊരിക്കലും ശിക്ഷായിളവ് കൊടുക്കാൻ സാധിക്കില്ല. കാരണം മൊത്തം ശിക്ഷാകാലയളവിന്റെ മൂന്നിലൊന്നിൽക്കൂടുതൽ പ്രാവശ്യം അവർ പുറത്തുപോയിട്ടുണ്ട്. പ്രിസൺ ആക്റ്റിലെ 78(2)എന്ന ആക്റ്റ് എടുത്തുകളഞ്ഞു. ബഹുമാനപ്പെട്ട അംഗം പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും നിയമജ്ഞനായിട്ടുള്ള ആളുമാണ്. പ്രിസൺ ആക്റ്റ് എന്നത് നിയമസഭ പാസ്സാക്കിയതാണ്. നിയമസഭ പാസ്സാക്കിയ പ്രൊവിഷൻ ഗവൺമെന്റ് ഉത്തരവിലൂടെ റദ്ദാക്കാൻ ഈ

ഗവൺമെന്റിന് എന്ത് അധികാരമാണുള്ളത്; സഭ അറിയാതെയാണ്, 'It is made clear that the provisions in section 78(2) of the Kerala Prisons and Correctional Services (Management) Act, 2010 (9 of 2010) will not stand in the way of granting special remission........" എന്നാണ് പറയുന്നത്. സ്പെഷ്യൽ റെമിഷൻ കൊടുക്കാൻ ഈ നിയമസഭ പാസ്സാക്കിയ പ്രിസൺ ആക്ടിലെ 78(2) എന്ന വകുപ്പ് സർക്കാർ ഉത്തരവിലൂടെ എടുത്തുകളയാൻ നിങ്ങൾക്ക് എന്ത് അധികാരമാണുള്ളത്? നിങ്ങൾ നിയമസഭയെ ബൈപ്പാസ് ചെയ്തിരിക്കുകയാണ്. നിയമസഭ പാസ്സാക്കുന്ന നിയമത്തെ ഗവൺമെന്റ് ഉത്തരവിലൂടെ ബൈപ്പാസ് ചെയ്യാൻ നിങ്ങൾക്ക് എന്താണ് അധികാരം; ആരെ രക്ഷിക്കാനാണ്? ആദ്യം രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികൾക്കുണ്ടായിരുന്ന മാനദണ്ഡം എടുത്തുമാറ്റി, രണ്ടാമത് അവരുടെ മൂന്നിലൊന്ന് എന്നുള്ളത് എടുത്തുമാറ്റി. കഴിഞ്ഞ ദിവസം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ പറഞ്ഞത്, ഇതൊരു അഭ്യൂഹമാണെന്നാണ്, സർക്കാരല്ല പറഞ്ഞത്. ജയിൽ സൂപ്രണ്ട് സിറ്റി പോലീസ് കമ്മീഷണർക്ക് അയച്ച കത്ത് എങ്ങനെയാണ്

അഭ്യൂഹമാകുന്നത്; ഇതിൽ ഇരയായിരിക്കുന്ന വനിതയോട് പോലീസ് അന്വേഷിക്കുകയാണ്. ആദ്യത്തെ പ്രതിയായ കെ. കെ. മുഹമ്മദ് ഷാഫിക്കുവേണ്ടി ചൊക്ലി പോലീസ് സ്റ്റേഷൻ 21-06-2024-ന് വൈകുന്നേരം ഫോണിൽ ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗമായ ശ്രീമതി കെ. കെ. രമയുടെ മൊഴിയെടുത്തു. രണ്ടാമത്തേത്, മറ്റൊരു പ്രതി എസ്. ശ്രീജിത്തിനുവേണ്ടി പാനൂർ പോലീസ് സ്റ്റേഷനിൽനിന്നും 22-06-2024-ന് വൈകുന്നേരം എം.എൽ.എ. ഓഫീസിൽ നേരിട്ടെത്തി മൊഴിയെടുത്തു. ടി. കെ. രജീഷിന്റെ മൊഴി എടുത്തിട്ടില്ല. ടി. കെ. രജീഷ്, കെ. കെ. മുഹമ്മദ് ഷാഫി, എസ്. ശ്രീജിത്ത് എന്നീ മൂന്നുപ്രതികൾ ഇതിലുള്ളതായാണ് പ്രതിപക്ഷം നേരത്തെ സൂചിപ്പിച്ചത്. ഇപ്പോൾ നോക്കിയപ്പോൾ പ്രതിയായി ഏഴാമതൊരാളുംകൂടിയുണ്ട്, ട്രൗസർ മനോജൻ. നിയമസഭയിലെ ബഹുമാനപ്പെട്ട ചെയറുൾപ്പെടെ, സംസ്ഥാന സർക്കാരിനുവേണ്ടി വാദിച്ചവരുൾപ്പെടെ എല്ലാവരും പറഞ്ഞു, ഇതൊരു അഭ്യൂഹമാണെന്ന്. ഞാൻ ഈ സഭയുടെ മുമ്പാകെ ഒരു പ്രധാനപ്പെട്ട സംഗതി വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്... ചെയറുമായി സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കാം. മനോജനെന്ന ട്രൗസർ മനോജന്റെ പോലീസ് സ്റ്റേഷൻ അതിർത്തി ഏതാണ്; കൊളവല്ലൂർ പോലീസ് സ്റ്റേഷൻ. ഇതിനെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട സ്പീക്കറും മറ്റംഗങ്ങളും പറഞ്ഞതിനുശേഷം ഇന്നലെ വൈകുന്നേരം 7.37-ന് ശ്രീമതി കെ. കെ. രമയുടെ മൊഴി, കൊളവല്ലൂർ പോലീസ് സ്റ്റേഷൻ എടുക്കുകയാണ്. നിങ്ങൾക്ക് നാണമില്ലേ? എന്നിട്ട് അഭ്യൂഹമാണെന്ന് പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഇന്നലെ രാത്രി മൂന്നാമത്തെ പോലീസ് സ്റ്റേഷനാണ് ശ്രീമതി കെ. കെ. രമയുടെ മൊഴിയെടുക്കുന്നത്..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ്. നിങ്ങൾ ബഹളം വയ്ക്കണ്ട; പ്രതിപക്ഷനേതാവായതുകൊണ്ട് അദ്ദേഹത്തിന് കൂടുതൽ സമയം അനുവദിച്ചതാണ്. നിങ്ങൾ ഇരിക്കൂ.... അങ്ങ് കംപ്ലീറ്റ് ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുമ്പോൾ സബ്മിഷന് സമയം

കൊടുക്കണം. ......(ബഹളം).... ഇന്നലെ വൈകുന്നേരവും ഈ ക്രൂരന്മാരായ ക്രിമിനലുകൾക്ക് ശിക്ഷായിളവ് കൊടുക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്ന ദയനീയമായ സ്ഥിതിയാണ് കണ്ടത്. ഈ പ്രതികൾ ആരാണ്; പരോളിൽ ഇറങ്ങി, സ്വർണ്ണക്കള്ളക്കടത്തുകേസ്, മയക്കുമരുന്ന് കേസ്, സ്വർണ്ണം പൊട്ടിക്കൽ കേസ്, ക്വട്ടേഷൻ സംഘങ്ങൾ, നിരവധി തോക്കുകൾ - ഇതിലെല്ലാം പ്രതികളായ ആളുകളെയാണ് ഈ സർക്കാർ ശിക്ഷായിളവുകൊടുത്ത് പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്നത്. ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾക്ക് ഒരുകാരണവശാലും 20 വർഷം കാലാവധി പൂർത്തിയാകാതെ ശിക്ഷായിളവ് കൊടുക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. ഒരു കാരണവശാലും ടി. പി. ചന്ദ്രശേഖരൻ വധിക്കേസിലെ പ്രതികൾക്ക് ശിക്ഷായിളവ് കൊടുക്കില്ലെന്നുള്ള ഉറപ്പാണ് ഞങ്ങൾക്കുവേണ്ടത്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ - എക്സൈസ്-പാലർമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് വിവിധ ജയിലുകളിൽ

കഴിയുന്ന തടവുകാർക്ക് ശിക്ഷായിളവ് നൽകാൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ശിക്ഷായിളവ് അല്ലെങ്കിൽ അകാലവിടുതൽ നൽകുന്നത് സംബന്ധിച്ച് 25-11-2022-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരം പരിഗണിക്കേണ്ട തടവുകാരുടെ പട്ടിക ജയിൽമേധാവി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പട്ടികയിൽ അനർഹരായ ആളുകൾ ഉൾപ്പെട്ടതായി കണ്ടതിനാൽ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പുതുക്കിയ പട്ടിക സമർപ്പിക്കാൻ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി 30-06-2024-ന് ജയിൽ വകുപ്പ് മേധാവിക്ക് നിർദേശം നൽകിയിരുന്നു. ക്ഷമിക്കണം...... തീയതി തിരുത്താം. തീയതി തെറ്റിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്..... നിങ്ങൾ ബഹളം വയ്ക്കാതിരിക്കു. പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഇപ്പുറത്ത് ആരും ബഹളം വച്ചില്ല. നിങ്ങൾ നിശബ്ദരായിരിക്കു. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുള്ള മറുപടിയാണിത്. പ്രത്യേക ഇളവ് അനുവദിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പ്രഖ്യാപിച്ചിട്ടുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികൾക്ക്

നിലവിലെ മാനദണ്ഡപ്രകാരം ശിക്ഷായിളവിന് അർഹതയില്ല. എസ്.സി. നമ്പർ 867/2012-കേസിലെ ശിക്ഷാതടവുകാർക്ക് 20 വർഷം തടവ് പൂർത്തിയാക്കുന്നതിനുമുമ്പ് ഇളവ് അനുവദിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുള്ളതാണ്. എസ്.സി. നമ്പർ 867/2012-കേസിൽ ശിക്ഷിക്കപ്പെട്ട് തടവിലുള്ളവരുടെ ശിക്ഷായിളവ് സംബന്ധിച്ച് കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് പോലീസ് റിപ്പോർട്ട് തേടിയത് മാനദണ്ഡപ്രകാരമല്ല. ഇതുസംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടയുടൻ സൂപ്രണ്ടിന്റെ വിശദീകരണം ജയിൽ മേധാവി തേടുകയും ചെയ്തിരുന്നു. പ്രസ്തുത കേസ്സിലെ പ്രതികളെ ഒഴിവാക്കി ശിക്ഷാ ഇളവിനുള്ളവരുടെ അന്തിമപട്ടിക സർക്കാരിൽ നൽകുമെന്ന് വ്യക്തമാക്കിക്കൊണ്ട് 22.06.2024-ന് ജയിൽ മേധാവി പത്രക്കുറിപ്പും നൽകിയതാണ്. അതോടുകൂടി അക്കാര്യത്തിൽ വ്യക്തത വന്നു. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിതന്നെ ഇക്കാര്യം മാധ്യമങ്ങളോടും വ്യക്തമാക്കിയിരുന്നതാണ്. നിയമവിരുദ്ധമായ ഒരു പരിഗണനയും ഒരാൾക്കും നൽകുകയില്ല. നിയമവിരുദ്ധമായിട്ടുള്ള ഒരു നടപടിയും സർക്കാർ സ്വീകരിക്കുകയില്ലെന്ന് അസന്നിഗ്ദ്ധമായി

വ്യക്തമാക്കിയതാണ്. ശിക്ഷാ ഇളവിന് പരിഗണിക്കുന്ന തടവുകാരുടെ വിവരങ്ങൾ ആരാഞ്ഞ് കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് ജില്ലാ പോലീസ് മേധാവിക്ക് നൽകിയ കത്തും ഇക്കാര്യത്തിൽ ജയിൽ ഹെഡ് ക്വാർട്ടേഴ്സിലേക്ക് ജയിൽ സൂപ്രണ്ട് നൽകിയ വിശദീകരണവും മാധ്യമങ്ങൾക്ക് ലഭിക്കുന്ന സ്ഥിതിയുണ്ടായി. ഇതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. തെറ്റായ പട്ടിക തയ്യാറാക്കി പോലീസ് റിപ്പോർട്ട് തേടിയതിന് ഉത്തരവാദികളായ കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ ചുമതലയുള്ള ജോയിന്റ് സൂപ്രണ്ട് ശ്രീ. കെ. എസ്. ശ്രീജിത്ത്, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-1 ശ്രീ. ബി. ജി. അരുൺ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ഒ. വി. രഘുനാഥ് എന്നിവരെ അന്വേഷണവിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്യാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള ശിക്ഷാ ഇളവ് നൽകുന്നതിന് 2022-ലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള തടവുകാരുടെ പുതുക്കിയ പട്ടിക സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. ഈ സാഹചര്യത്തിൽ S.C. No. 867/2012

കേസിലെ തടവുകാർക്ക് ശിക്ഷാ ഇളവ് നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല. ഇതുസംബന്ധിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. (.....ബഹളം......)

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഈ പറയുന്നതെല്ലാം വസ്തുതാ വിരുദ്ധമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മിനിസ്റ്റർ പറയട്ടെ.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, പട്ടിക പുതുക്കി മാനദണ്ഡപ്രകാരം സമർപ്പിക്കാൻ...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീമതി കെ. കെ. രമ ......

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അഡീഷണൽ ചീഫ് സെക്രട്ടറി, മാനദണ്ഡ പ്രകാരമുള്ള പട്ടിക സമർപ്പിക്കണമെന്നുള്ള കത്ത് നൽകിയത് 03-06-2024-നാണ്. 30-06-2024 എന്ന് തെറ്റായി പറഞ്ഞതാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് (.....ബഹളം.....).

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... ഇരിക്കൂ... ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷന്റെ നോട്ടീസിൽ പറയാത്ത പലകാര്യങ്ങളും ആരോപണങ്ങളെന്ന നിലയിൽ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. അത്തരം സാങ്കേതികമായ കാര്യങ്ങൾ പരിശോധിക്കാതെ മറുപടി പറയാൻ കഴിയില്ല. സബ്മിഷനെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി മാറ്റാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രമിച്ചത് ഉചിതമായില്ല. സബ്മിഷന്റെ നോട്ടീസിലൊന്നും പ്രസംഗത്തിൽ മറ്റൊന്നും എന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. (.....ബഹളം......)

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. (മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ്. മറുപടി പറഞ്ഞുകഴിഞ്ഞു. (....ബഹളം....) യെസ്... പ്ലീസ്... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രതിപക്ഷനേതാവല്ലെ; എനിക്ക് മെൻഷൻ ചെയ്യാനുണ്ട്. (....ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ: അതൊക്കെ ചെയറിന് അറിയാം.  പ്ലീസ്... പ്ലീസ്... പറയൂ...

ശ്രീ. വി. ഡി. സതീശൻ: സർ, ബഹളമുണ്ടാക്കിയാൽ ഞാൻ എങ്ങനെയാണ് പറയുന്നത്; എനിക്ക് അനുവാദം നൽകിയതാണ്. (....ബഹളം....) ബഹളമുണ്ടാക്കിയതുകൊണ്ട് കാര്യമില്ല. ഇവരെല്ലാം ചെയർ ആകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ഇരിക്കട്ടെ...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... പറയൂ...

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 03.06.2024-ന് (.....ബഹളം......).

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ഇരിക്കട്ടെ... അവർ ബഹളമുണ്ടാക്കുകയല്ലേ? (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ്. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കലിന് സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്. (....ബഹളം......)

(2) <u>പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള വ്യവസ്ഥകൾ</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഈ നാട്ടിലെ കൃഷിക്കാർ അനുഭവിക്കുന്ന വളരെ ഗൗരവതരമായ ഒരു ജനകീയ വിഷയമാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. ആ സമയത്ത് പ്രതിപക്ഷം ഇതുപോലെ ബഹളംവച്ച് സഭാനടപടികൾ തടസപ്പെടുത്തുന്നത് തികച്ചും തെറ്റായ നടപടിയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് തുടങ്ങിയ മലയോര മേഖലയിലെയും റാന്നി ഉൾപ്പെടെയുള്ള സമീപ നാട്ടുകളിലെയും സമീപ പ്രദേശങ്ങളിലെയും കൃഷിക്കാർ അനുഭവിക്കുന്ന വലിയൊരു ദുരിതം സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആ പ്രദേശങ്ങളിലൊക്ക ലാൻഡ് അസൈൻമെന്റ്, പട്ടയം കിട്ടിയ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ (.....ബഹളം.....)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സബ്മിഷന് വേറെ ചർച്ചയില്ല.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, എനിക്ക് അവതരിപ്പിക്കാൻ അവസരം തരണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് പറയൂ...

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ലാൻഡ് അസൈൻമെന്റ് പട്ടയത്തിൽപ്പെട്ട ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിന് കൃഷിക്കാർ അനുഭവിക്കുന്ന ദുരിതത്തെ സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അത്തരം ഭൂമിയിൽ അസൈൻമെന്റ് കിട്ടി, പട്ടയം കിട്ടി, വർഷങ്ങൾക്കുശേഷം അതായത് പട്ടയം കിട്ടിയതിനുശേഷം നട്ടുവളർത്തിയതും കിളിർത്തു വന്നതുമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റാൻ കർഷകർ ശ്രമിച്ചാൽ അത് തടസ്സപ്പെടുന്ന സ്ഥിതിയാണുള്ളത്. അതിന്റെ പേരിൽ റവന്യൂ അധികൃതർ കേരള ഭൂപരിഷ്കരണ നിയമം 1957 പ്രകാരവും വനംവകുപ്പ് അധികൃതർ കേരള ഫോറസ്റ്റ് ആക്റ്റ് 1961 പ്രകാരവും കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്റ്റ് 1986 പ്രകാരവും കേരള പ്രമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ആക്റ്റ് 2005 എന്നീ നിയമങ്ങൾ പ്രകാരം കേസ്സെടുക്കുന്ന സ്ഥിതിയാണ്. അത് തികച്ചും തെറ്റായ നടപടിയാണ്. അതായത് കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്റ്റ് 1986-ന്റെ സെക്ഷൻ 22-ൽ പറയുന്നത്; Notwithstanding anything contained in any law for the time being in force, any assignment after the commencement of this Act, of land belonging to the Government, under any law (.....noise.....)

[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: സഭാനടപടികൾ തടസ്സപ്പെടുത്താതെ അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോകൂ... നിങ്ങൾ ഇതിനകം ഇഷ്യൂ റെയ്സ് ചെയ്തല്ലോ. പ്ലീസ്.....

Shri. Sebastian Kulathungal: Sir, ....for the time being in force shall be subject to the condition that the assignee shall not, without the previous permission in writing of the authorised officer, cut, uproot or bum, or cause to be cut, uprooted or burnt, any tree standing on such land at the time of such assignment, and the provisions of this Act shall apply in relation to such permission as if they apply in relation to a permission under section 4.

മി. സ്പീക്കർ: യെസ്... യെസ്... അവിടെയിരിക്കൂ... പ്ലീസ്...

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് പ്രകാരം അസൈൻമെന്റ് കിട്ടിയ....

മി. സ്പീക്കർ: യെസ്... പ്ലീസ്..... ചുരുക്കിപ്പറയൂ.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ടതും ഗൗരവമുള്ളതുമായ ഒരു വിഷയമാണ്. അസൈൻമെന്റിന്റെ സമയത്ത് ആ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾക്ക് മാത്രമേ നിയന്ത്രണങ്ങൾ ബാധകമാവുകയുള്ളൂ. അതുതന്നെയാണ് കേരള പ്രമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ആക്റ്റ് 2005-ലെ സെക്ഷൻ 6 (1) പ്രകാരവും പറയുന്നത്. ഇവിടെ ഫോറസ്റ്റ് ആക്റ്റ് പ്രകാരം കേസ് എടുക്കുകയാണ്. ഇവിടുത്തെ പ്രശ്നമെന്താണെന്നുവച്ചാൽ ഫോറസ്റ്റ് ആക്റ്റ് ഒരു നിലയിലും പട്ടയ ഭൂമിയിൽ അപ്ലൈ ചെയ്യാൻ കഴിയില്ലെന്നുള്ളതാണ്. കൃഷിക്കാർക്ക് ലഭിച്ചിരിക്കുന്ന പട്ടയത്തിലൂടെ ഭൂമിയിൽനിന്ന് ലഭിച്ചിരിക്കുന്ന അവകാശത്തിന്മേലുള്ള അനധികൃതമായ കടന്നുകയറ്റമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അതുപോലതന്നെ 2020-ലെ 261/20 എന്ന ഗവൺമെന്റ് ഉത്തരവ് റദ്ദാക്കപ്പെട്ടതിനെത്തുടർന്നാണ് ദുരിതം കൂടുതൽ വർദ്ധിച്ചത്. സമീപ നാളിൽ ഈ നിയമസഭ.... (....ബഹളം....)

<u>മി. സ്പീക്കർ</u>: നിങ്ങൾ അവിടെ പോയി ഇരിക്കൂ... പ്ലീസ്... ഇരിക്കൂ... യെസ്... യെസ്... ഇതുകഴിയട്ടെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പട്ടയ ഭൂമിയിലെ മരം മുറിച്ച് മാറ്റുന്നതിൽ കൃഷിക്കാർ അഭിമുഖീകരിക്കുന്ന....

മി. സ്പീക്കർ: നാല് മിനിട്ടൊന്നും സബ്മിഷൻ അനുവദിക്കാൻ കഴിയില്ല.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ബഹളം കാരണം എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ: യെസ്... Come to the point...

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കൺക്ലൂഡ് ചെയ്യാൻ അവസരം നൽകണം.

മി. സ്പീക്കർ: പോയിന്റ് പറയൂ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിൽ കർഷകർ അഭിമുഖീകരിക്കുന്ന ദുരിതം അവസാനിപ്പിക്കണം. പട്ടയം കിട്ടിയ ഭൂമിയിൽ അവർ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ മരങ്ങൾ മുറിച്ചുമാറ്റാനുള്ള അവകാശം കൃഷിക്കാർക്ക് നൽകണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നല്ല നിലയിൽ ഇക്കാര്യങ്ങളെയെല്ലാം സമീപിക്കുന്നയാളാണ്. തീർച്ചയായും പട്ടയ പ്രശ്നമടക്കം ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

അദ്ദേഹത്തിന്റെ നല്ല ഇടപെടലിലൂടെ എന്റെ മണ്ഡലത്തിലടക്കം കഴിഞ്ഞിട്ടുണ്ട്. ഈ വിഷയത്തിലും കൃഷിക്കാർക്ക് അനുകൂലമായ നിയമഭേദഗതിയും ആവശ്യമായ അനുവാദവും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവതരമായ പ്രശ്നമാണ്. പട്ടയം ലഭിച്ചതിനുശേഷം ആ ഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ മരങ്ങളുടെ അവകാശം കർഷകർക്ക് ലഭിക്കണമെന്നാണ് സർക്കാരിന്റെ നയം. ഇതുസംബന്ധിച്ച കാര്യങ്ങൾ ഞാൻ ദീർഘമായി പറയുന്നില്ല. ബഹുമാനപ്പെട്ട അംഗം നേരത്തെ പറഞ്ഞത് വളരെ ഗൗരവമുള്ള വിഷയമാണ്. 1964-ലെ ചട്ട പ്രകാരം ചില പ്രശ്നങ്ങളുണ്ടെങ്കിലും അതിനെ മറികടക്കാൻ ഗവൺമെന്റ് 261/2020 എന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്തുവെന്ന് കണ്ട സാഹചര്യത്തിൽ പട്ടയഭൂമിയിൽ നിലനിന്നിരുന്ന ഷെഡ്യൂൾഡ് വൃക്ഷങ്ങളും സർക്കാരിലേക്ക് റിസർവ് ചെയ്ത വൃക്ഷങ്ങളും മുറിച്ച് കടത്തികൊണ്ടുപോയെന്ന ആക്ഷേപമുണ്ടായതിനെത്തുടർന്ന് ആ ഉത്തരവ് റദ്ദ് ചെയ്യുകയായിരുന്നു. പക്ഷേ

പട്ടയഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് നൽകണമെന്നതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ഇക്കാര്യത്തിൽ ഒരു ചട്ട ഭേദഗതി അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ഭൂമിയുടെ ഉടമസ്ഥന് ലഭ്യമായ എല്ലാ അവകാശങ്ങളും പട്ടയഭൂമിയിൽ പട്ടയം ലഭിച്ചതിനുശേഷം നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിന് പട്ടയം ലഭിച്ച ആളിനും അവകാശമുണ്ടായിരിക്കുമെന്ന് വ്യക്തത വരുത്തിക്കൊണ്ട് ഒരു ചട്ട ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിലേക്കായി തയ്യാറാക്കിയ കരട് ചട്ട ഭേദഗതി നിയമവകുപ്പ് പരിശോധിച്ചുവരികയാണ്. അതിനുശേഷം ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് പറയാനുള്ളത് ചുരുക്കി പറയണം. (....ബഹളം....) പ്ലീസ്........പ്ലീസ്......(....ബഹളം....) ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കൂ, അദ്ദേഹം സംസാരിക്കട്ടെ പ്ലീസ്........പ്ലീസ്......

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇപ്പോൾ സംസാരിക്കാൻ കഴിയില്ല. അവർ ഇരിക്കട്ടെ. (....ബഹളം....)

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്റെ അവകാശം അങ്ങാണ് സംരക്ഷിക്കേണ്ടത്. You have to protect my right (....ബഹളം....)

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ; ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കൂ, പ്ലീസ്.........പ്ലീസ്...... (....ബഹളം....)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ രണ്ട് വാചകങ്ങൾ മാത്രമാണ് പറയാൻ ആഗ്രഹിക്കുന്നത്. 03-06-2024-ന് ആഭ്യന്തര വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി ഒരു ഉത്തരവിറക്കിയിട്ടുണ്ടെന്നും അതിൽ ശിക്ഷാകാലയളവിൽ ഇളവ് കൊടുക്കാൻ പാടില്ലെന്നാണെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. ആഭ്യന്തര വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി എന്നത് ആഭ്യന്തരവകുപ്പിലെ ഏറ്റവും ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥനാണ്. അദ്ദേഹം ഒരു ഉത്തരവ് ഇറക്കിയിട്ടും ......(....ബഹളം....) 21-6-2024, 22-6-2024, 26-6-2024 എന്നീ തീയതികളിൽ ചൊക്ലി,

പാനൂർ, കൊളവല്ലൂർ പോലീസുകാർ എന്തിനാണ് ശ്രീമതി കെ. കെ. രമയുടെ മൊഴിയെടുത്തത്? ഈ സർക്കാർ ഇപ്പോഴും പ്രതികൾക്ക് ശക്ഷായിളവ് കൊടുക്കാനുള്ള വഴികളാണ് നോക്കുന്നത്. അതിൽ പ്രതിക്ഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവ. നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരാകുകയും ചെയ്തു.)

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ഇത്തരത്തിലൊരു കാര്യം സർക്കാർ പരിഗണിക്കുന്നില്ലെന്നത് സർക്കാരിനുവേണ്ടി അസന്ദിഗ്ധമായി വ്യക്തമാക്കിയതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷന് മറുപടിയായി ഒരു സംശയത്തിനുമിടയില്ലാത്ത വിധം ഇങ്ങനെ ഒരു ശിക്ഷാ ഇളവ് സർക്കാർ പരിഗണിക്കുന്നതേയില്ലെന്ന് വ്യക്തമാക്കിയതാണ്. മാത്രമല്ല, തെറ്റായ റിപ്പോർട്ട് തേടിയവർക്കെതിരായി നടപടിയും സർക്കാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുശേഷം പ്രതിപക്ഷം

ഇപ്പോൾ കുടില രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണ് ഈ ദുഷ്പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇല്ലാത്തൊരു പ്രശ്നം പ്രതിപക്ഷം ഉയർത്തിക്കൊണ്ടുവരുകയും സഭയുടെ സമയം അതിനുവേണ്ടി അപഹരിച്ചശേഷം ജനങ്ങൾക്കിടയിൽ തെറ്റിധാരണ സൃഷ്ടിക്കുന്ന പ്രചരണം നടത്തുകയുമാണ് അവരുടെ ലക്ഷ്യം. ഇന്ന് സർക്കാർ ഇത് പരിഗണിക്കുന്നില്ലായെന്ന് വ്യക്തമാക്കിയിട്ടും പ്രതിപക്ഷം പ്ലക്കാർഡുകളുമായി വന്നത് അവർ മുൻകൂട്ടി നിശ്ചയിച്ച തിരക്കഥയാണ്. അതാണ് ഇവിടെ ഇപ്പോൾ നടപ്പാക്കിയിട്ടുള്ളത്.

## (3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപാരികൾ നേരിടുന്ന പ്രതിസന്ധിയും കെ-സ്മാർട്ടിലെ അപാകതയും

ഡോ. എം. കെ. മുനീർ: സർ, സംസ്ഥാനത്തെ വ്യാപാരി വ്യവസായികൾ നേരിടുന്ന പ്രതിസന്ധി അറിയിക്കുകയാണ്. അവർക്ക് ലൈസൻസ് പുതുക്കി ലഭിക്കാൻ ധാരാളം മാനദണ്ഡങ്ങൾ വച്ചിരിക്കുകയാണ്. മാലിന്യരഹിത വ്യാപാരസ്ഥാപനങ്ങൾ ഹരിത കർമ്മസേനയ്ക്ക് യൂസർ ഫീ അടയ്ക്കണം. അല്ലെങ്കിൽ ലൈസൻസ് ലഭിക്കില്ല. സെപ്റ്റംബർ 30-ന് അടയ്ക്കേണ്ട കെട്ടിട നികുതി നേരത്തെ അടയ്ക്കണം. അതൊക്കെ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ മാറ്റിവരാൻ

സമയമെടുക്കുന്നതുകൊണ്ട് ലൈസൻസ് പുതുക്കാനുള്ള സമയം സെപ്റ്റംബർ 30 വരെ നീട്ടണമെന്നാണ് അവരുടെ ആവശ്യം. കടകൾക്ക് മുമ്പിൽ അരിസ്റ്റോ കമ്പനിയുടെ വേസ്റ്റ് ബിൻതന്നെ വയ്ക്കണമെന്ന് ചില ഹെൽത്ത് ഇൻസ്പെക്ടർമാർ നിർബന്ധിക്കുന്നു. കെ-സ്മാർട്ടിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ പരിഹരിക്കുകയെന്നത് മറ്റൊരു പ്രധാനപ്പെട്ട ആവശ്യമാണ്. ഇതിന് കഠിന വ്യവസ്ഥകളുള്ള സമയത്ത് സത്യവാങ്മൂലം ഒപ്പിട്ട് കൊടുക്കണമെന്നും നിർബന്ധിക്കുകയാണ്. ഇതിലൊക്കെ വ്യാപാരികൾ നേരിടുന്ന പ്രശ്നം ഗവൺമെന്റ് ഗൗരവമായെടുക്കണം. ഇത് കേരളത്തിലെ മുഴുവൻ വ്യാപാരികളെയും ബാധിക്കുന്ന വിഷയമാണ്. അവർക്ക് ലൈസൻസ് പുതുക്കാനുള്ള തീയതി നീട്ടിനൽകുകയും ഇത്തരത്തിലുള്ള വ്യവസ്ഥകൾക്ക് ഇളവ് വരുത്തുകയും ചെയ്യണമെന്നുള്ളതാണ് ആവശ്യപ്പെടാനുള്ളത്.

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ ചട്ടം 4(3) പ്രകാരം എല്ലാ മാലിന്യ ഉല്പാദകരും യൂസർഫീ നൽകാൻ ബാധ്യസ്ഥരാണ്. അതായത് എല്ലാവരും ഏതെങ്കിലും തരത്തിൽ മാലിന്യം ഉല്പാദിപ്പിക്കുന്നവരാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12-8-2020-ലെ

ഉത്തരവ് പ്രകാരം വാണിജ്യ സ്ഥാപനങ്ങളിൽനിന്ന് കുറഞ്ഞത് 100 രൂപ യൂസർ ഫീ ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാലിന്യത്തിന്റെ അളവ് വിലയിരുത്തി ഓരോ വാണിജ്യ സ്ഥാപനത്തിനുമുള്ള യൂസർ ഫീ തീരുമാനിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. മാത്രമല്ല, നിയമസഭ ഭേദഗതി ചെയ്ത മുനിസിപ്പാലിറ്റി ആക്ട് 326 (ഡി), പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എന്നിവപ്രകാരം യൂസർ ഫീ അടക്കാൻ വീഴ്ചവരുത്തുന്നവർക്ക് സേവനം നിഷേധിക്കാൻ സെക്രട്ടറിമാർക്ക് അധികാരമുണ്ട്. അതുകൂടാതെ ലൈസൻസോ അനുവാദമോ നൽകണമെങ്കിൽ പഞ്ചായത്ത് രാജ് ആക്ടിന്റെ 236 (13), മുനിസിപ്പൽ ആക്ടിന്റെ 443 പ്രകാരം ഫീസോ കടങ്ങളോ ബാക്കിവയ്ക്കാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ട്. തദ്ദേശ സ്ഥാപനത്തിന് ഏതെങ്കിലും നികുതിയോ ഫീസോ മറ്റ് കടങ്ങളോ ഉണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാൻ പാടില്ലായെന്നും വ്യവസ്ഥയുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ മാത്രമാണ് നടപ്പാക്കുന്നത്. ഹരിത കർമ്മസേനയുടെ യൂസർ ഫീ കാർഡ് അനിവാര്യ രേഖയായി പരിഗണിക്കാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കെ-സ്മാർട്ടുമായി ബന്ധപ്പെട്ട പ്രശ്നമല്ല. കെ-സ്മാർട്ട്

ആപ്ലിക്കേഷനിൽ കെട്ടിട നികുതി മുൻകൂറായി അടക്കണമെന്ന് ആവശ്യപ്പെടുന്നില്ല. കുടിശ്ശികയുള്ള കെട്ടിടനികുതി അടയ്ക്കണമെന്ന് മാത്രമേ ആവശ്യപ്പെടുന്നുള്ളൂ. നേരത്തെ പറഞ്ഞ മുനിസിപ്പൽ ആക്റ്റിലെ 443 പ്രകാരം കുടിശ്ശിക ലൈസൻസിക്കുണ്ടെങ്കിൽ അത് അടച്ചാൽ മാത്രമെ ലൈസൻസ് നൽകാൻ സാധിക്കുകയുള്ളൂ. അത് നിയമത്തിലുള്ള വ്യവസ്ഥയാണ് കെ-സ്മാർട്ടിൽ പുതുതായി കൊണ്ടുവന്ന വ്യവസ്ഥയല്ല. മുനിസിപ്പൽ ആക്റ്റിലെ ചട്ടം 18 പ്രകാരം കൈവശക്കാരിൽനിന്ന് വസ്തുനികുതി ഈടാക്കാമെന്ന് വ്യവസ്ഥയുണ്ട്. അതുപ്രകാരമാണ് ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും വസ്തുനികുതി കുടിശ്ശികയും തൊഴിൽനികുതി കുടിശ്ശികയും ആവശ്യപ്പെടുന്നത്. 2016-ൽ പൂർത്തിയാക്കേണ്ടിയിരുന്ന വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി കെട്ടിടങ്ങളുടെയും നികുതിയുടെയും വിവരങ്ങൾ യഥാസമയം ഡിജിറ്റലൈസ് ചെയ്തുകഴിഞ്ഞിട്ടില്ലെന്നതാണ് ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രശ്നം. അത് തദ്ദേശസ്ഥാപനങ്ങളാണ് ചെയ്യേണ്ടത്. ഈ പ്രകിയ പൂർത്തിയാക്കിയ ചില നഗരസഭകളുണ്ട്. അവിടെ ലൈസൻസ് ഇഷ്യൂ ചെയ്യുന്നതിനോ പുതുക്കുന്നതിനോ ഒരു തടസ്സവുമില്ല. തദ്ദേശ സ്ഥാപനങ്ങൾ

ഡിജിറ്റലൈസേഷൻ പ്രക്രിയ പൂർത്തിയാകാത്ത ഇടങ്ങളിലാണ് പ്രശ്നങ്ങളുള്ളത്. അതിനുവേണ്ടി ഇപ്പോൾ ജൂൺ 30 വരെ നീട്ടിനൽകിയിട്ടുണ്ട്. ബാക്കി കാര്യങ്ങൾ പിന്നീട് പരിശോധിക്കാമെന്ന് മാത്രമെ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ. അക്കാര്യത്തിൽ പ്രായോഗികമായി എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിക്കാം. കെ-സ്മാർട്ടിൽ പുതിയ ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. നിലവിലെ നിയമത്തിലുള്ള വ്യവസ്ഥകൾ മാത്രമെ അതിലും വരുന്നുള്ളൂവെന്നാണ് പറയാനുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: സർ, സബ്മിഷൻ അവതരിപ്പിച്ചതിനുശേഷം പ്രതിപക്ഷനേതാവിന് വീണ്ടും സംസാരിക്കാൻ അവസരം കൊടുത്തത് കീഴ്വഴക്കമാകാൻ പാടില്ല.

മി. സ്പീക്കർ: അതിനുശേഷം മിനിസ്റ്റർക്കും സംസാരിക്കാൻ അവസരം നൽകിയിട്ടുണ്ട്.

(4) പള്ളം ആശാ കേന്ദ്ര സ്പെഷ്യൽ സ്കൂളിനാവശ്യമായ സ്പെഷ്യൽ പാക്കേജ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ഒരു പരിശീലന കേന്ദ്രം - ആശാ കേന്ദ്ര എന്നപേരിൽ 1997

മുതൽ എന്റെ നിയോജക മണ്ഡലത്തിലെ പള്ളത്ത് പ്രവർത്തിക്കുന്നുണ്ട്. 12 വയസ്സ് മുതൽ 46 വയസ്സുവരെയുള്ള 40 ആളുകൾക്കാണ് അവിടെ നിലവിൽ പരിശീലനം നൽകിവരുന്നത്. 18 വയസ്സിൽ താഴെയുള്ള 20 പേർ ഇല്ലെന്നുള്ള കാരണത്താൽ അവരുടെ പാക്കേജ് പുതുക്കി നൽകുന്നില്ല. പുതുക്കേണ്ട അവസാന തീയതി ജൂലൈ മാസം അവസാനിക്കുകയാണ്. ബഡ്സ് സ്കൂളിനുപോലും 18 വയസ്സിനുതാഴെയുള്ള 20 കുട്ടികൾ വേണമെന്ന നിബന്ധനയില്ല. ഇവിടെയുള്ളവരിൽ ഭൂരിഭാഗവും 18 വയസ്സിന് മുകളിലുള്ളവരാണ്. ഇവിടെ നിലവിലുള്ള ഭിന്നശേഷി കുട്ടികളെക്കൂടി പരിഗണിച്ച് നിബന്ധന ഒഴിവാക്കി സ്പെഷ്യൽ പാക്കേജ് പുതുക്കി നൽകുന്നതിനുവേണ്ട അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യനീതിയിലധിഷ്ഠിതമായ സമഗ്ര വികസനം എന്ന

കാഴ്ചപ്പാടോടുകൂടിയ വികസനമാതൃകകളാണ് കേരളം ലോകത്തിനുമുന്നിൽ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. ഭിന്നശേഷിക്കാരടക്കമുള്ള അരികുവൽകൃത ജനവിഭാഗങ്ങളെ ചേർത്തുപിടിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയുടെ നിറസാന്നിദ്ധ്യമാക്കുക എന്ന ലക്ഷ്യത്തിനനുസൃതമായ ക്ഷേമപ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കി വരികയാണ്. ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളടക്കമുള്ള ഏതൊരു സ്ഥാപനവും പ്രവർത്തിപ്പിക്കുന്നതിന് ഭിന്നശേഷി അവകാശ നിയമപ്രകാരം രജിസ്ട്രേഷൻ നിർബന്ധമാണ്. ഭിന്നശേഷി അവകാശ നിയമപ്രകാരം നിർമ്മിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾപ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം സാമൂഹ്യനീതി ജോയിന്റ് ഡയറക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സ്കൂൾ പാക്കേജ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച 2019-ലെ സർക്കാർ ഉത്തരവും ഈ വിഷയവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിന്റെ 2013-ലെ ഉത്തരവും പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് നിലവിൽ സ്പെഷ്യൽ സ്കൂളുകൾക്ക് രജിസ്ട്രേഷൻ നൽകിവരുന്നത്. ഇതുപ്രകാരം 18 വയസ്സിന് താഴെയുള്ള 20

കുട്ടികളെയെങ്കിലും പഠിപ്പിക്കുന്നതും നിർദ്ദിഷ്ട അടിസ്ഥാനസൗകര്യങ്ങൾ ഉള്ളതുമായ സ്കൂളുകൾക്കാണ് രജിസ്ട്രേഷൻ നൽകിവരുന്നത്. രജിസ്ട്രേഷനുള്ളതും മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്പെഷ്യൽ സ്കൂളുകൾക്ക് ബന്ധപ്പെട്ട പാക്കേജ് പ്രകാരം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ 45 കോടി രൂപയും ഈ വർഷം 50 കോടി രൂപയും ഇക്കാര്യത്തിന് ധനസഹായമായി വകയിരുത്തിയിട്ടുണ്ട്. 18 വയസ്സിൽ താഴെയുള്ള 20 കുട്ടികളുള്ള സ്ഥാപനങ്ങൾക്കുമാത്രമേ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂവെന്നതും സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധന ഈ മേഖലയിലെ സ്ഥാപനങ്ങൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതേസമയം പേരിനുമാത്രം കുറച്ച് കുട്ടികളെ കൈകാര്യം ചെയ്യുന്ന വിധത്തിലുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാനും സർക്കാരിന് പരിമിതിയുള്ളതിനാൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായതിനുശേഷം

ആവശ്യമായ കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ പള്ളം ആശാ കേന്ദ്ര സ്പെഷ്യൽ സ്കൂളുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ വിഷയം പരിശോധിക്കാവുന്നതാണ്.

(5) ആലുവ കാരോത്തുംകുഴി ആശുപത്രി കവല മുതൽ മാർക്കറ്റ് വരെ റോഡ് വീതി കൂട്ടൽ

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജക മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ സഭയുടെ മുന്നിൽ ഉന്നയിക്കുന്നത്. ഞാൻ ഇതിനുമുമ്പും ഒരു സബ്മിഷൻ ഇതേ വിഷയത്തിൽ ഉന്നയിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് കത്ത് നൽകിയിട്ടുള്ളതും പലവട്ടം അദ്ദേഹത്തെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ആലുവ ടൗണിൽനിന്നും തൃശ്ശൂർ, പറവൂർ ഭാഗത്തേയ്ക്കും നാഷണൽ ഹൈവേയിലേയ്ക്കും പോകുന്ന ഒരു റൂട്ടാണ് ആലുവ മാർക്കറ്റ് റോഡ്. ഈ റോഡിന്റെ വീതിക്കുറവ് ആലുവ ടൗണിൽ വളരെയധികം ബ്ലോക്ക് സൃഷ്ടിക്കുന്നു. ഏകദേശം 400 മീറ്ററിനടുത്ത് മാത്രം വീതിയുള്ള റോഡിന്റെ വീതികൂട്ടി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയാൽ അവിടെയുള്ള എല്ലാ ആളുകൾക്കും സുഗമമായി

യാത്ര ചെയ്യുന്നതിന് സാധിക്കും. റോഡ് വീതി കൂട്ടുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പല തവണ നൽകിയെങ്കിലും പരിഗണിക്കപ്പെട്ടിട്ടില്ല.

2024-25 -ലെ എസ്റ്റിമേറ്റുകളുടെ അനുബന്ധം 2-ൽ 2303 ക്രമനമ്പരായി പേജ് 109-ൽ സർക്കാർ ഈ റോഡിന് വീതി കൂട്ടുന്നത് സംബന്ധിച്ച് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. ഇത് ആലുവയിലെ വലിയ പ്രശ്നമായതിനാൽ, ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അതിലിടപെട്ട് ആലുവ ടൗണിലെ ട്രാഫിക് കുരുക്കിന് ശാശ്വതമായ പരിഹാരം കണ്ടെത്തുവാനാവശ്യമായ പദ്ധതിക്കുള്ള തുക അനുവദിക്കുമോ എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് റോഡ്സ് സീനെടുത്ത ഫയലുള്ളതിനാൽ ആ ഫയൽ വിളിച്ച് ഇതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പല കുരുക്കും എൽ.ഡി.എഫ്. സർക്കാർ അഴിച്ചതിനാൽ ഇതും അഴിക്കാൻ പറ്റുമോ എന്ന് നോക്കാം. ആലുവ ടൗണിനെയും കാരോത്തുംകുഴി ജംഗ്ഷൻ-വട്ടക്കോട്-ആലുവ ഭാഗത്ത് എൻ.എച്ച്. 544 -മായി ബന്ധിപ്പിക്കുന്ന

റോഡ്, ആലുവ ടൗൺ റോഡിൽപ്പെട്ട മാർക്കറ്റ് റോഡിന്റെയും ഓൾഡ് എൻ.എച്ച്. റോഡിന്റെയും ഭാഗമാണ്. നിലവിൽ ഈ റോഡിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് 12 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ട്. സ്ഥലമേറ്റെടുക്കലുൾപ്പെടെ ഈ പ്രവൃത്തിക്ക് ഏകദേശം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഏതെങ്കിലും പദ്ധതികളിലുൾപ്പെടുത്തി ഈ പ്രവൃത്തി സാധ്യമാക്കാനാകുമോ എന്ന് പരിശോധിച്ചുവരുന്നു.

## (6) നെടുമങ്ങാട്- അരുവിക്കര- വെള്ളനാട് റോഡ് നിർമ്മാണം പൂർത്തീകരിക്കൽ

ശ്രീ. ജി. സ്റ്റീഫൻ: സർ, അരുവിക്കര മണ്ഡലത്തിലെ നെടുമങ്ങാട് -അരുവിക്കര-വെള്ളനാട് റോഡിന്റെ മുടങ്ങിക്കിടക്കുന്ന പണി അടിയന്തരമായി പൂർത്തീകരിക്കണമെന്നാവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. വിനോദസഞ്ചാര കേന്ദ്രമായ അരുവിക്കര ഡാമും കർക്കിടക-വാവുബലി ചടങ്ങുകൾ നടക്കുന്ന ജില്ലയിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ അരുവിക്കര ക്ഷേത്രവും സ്ഥിതിചെയ്യുന്നതിന് സമീപത്ത് കൂടിപ്പോകുന്ന റോഡാണിത്. 2016-ൽ ഒന്നാം പിണറായി ഗവൺമെന്റിന്റെ

കാലഘട്ടത്തിൽ ഈ റോഡിനാവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭ്യമാക്കിയതിനെത്തുടർന്ന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. റോഡ് വീതികൂട്ടലും അതിനോടനുബന്ധിച്ചുള്ള ഭൂമിയേറ്റെടുക്കലും ഈ പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ഒന്നാമത്തെ റീച്ചിൽ 10 മീറ്റർ നെടുമങ്ങാട് മുതൽ അരുവിക്കര വരെയും രണ്ടാമത്തെ റീച്ചിൽ 12 മീറ്റർ അരുവിക്കര മുതൽ വെള്ളനാട് വരെയുമാണ് റോഡിന്റെ വർക്ക് പ്ലാൻ ചെയ്തിട്ടുള്ളത്. ഇതിൽ അരുവിക്കര മുതൽ വെള്ളനാട് വരെയുള്ള ഭാഗം എഫ്.ഡി.ആർ. സാങ്കേതികവിദ്യയുപയോഗിച്ച് ഏറ്റവും ആധുനികമായ രീതിയിൽ ചെയ്യാനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ള രണ്ട് റോഡുകളും വീതി കൂട്ടുമ്പോൾ അരുവിക്കര ഡാമിനോട് ചേർന്ന് ഇപ്പോൾ ഗതാഗതയോഗ്യമായി സ്ഥിതിചെയ്യുന്ന 70 വർഷം പഴക്കമുള്ള പാലത്തിലൂടെ ഒരു വരി വാഹനം മാത്രമേ പോകാൻ കഴിയൂവെന്നതും അവിടെ ഗതാഗതതടസ്സം സൃഷ്ടിക്കുന്നു. ഈ പദ്ധതിക്കാവശ്യമായ ഡി.പി.ആർ.-ഉം ഇൻവെസ്റ്റിഗേഷനും തയ്യാറാക്കിയത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഈ റോഡ് വികസിക്കുമ്പോൾ പാലം

മാത്രം വലുതാകാതിരിക്കുന്നത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ഈ രണ്ട് പ്രശ്നവും പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് രണ്ട് റീച്ചുകളായാണ് നവീകരിക്കുന്നത്. ഇതിൽ ഒന്നാമത്തെ റീച്ച് നെടുമങ്ങാട് മുതൽ കണ്ണങ്കാരം പമ്പ് ഹൗസ് വരെ 10 മീറ്റർ വീതിയിലും രണ്ടാമത്തെ റീച്ചായ കണ്ണങ്കാരം പമ്പ് ഹൗസ് മുതൽ കുളക്കോട് വരെ 12 മീറ്റർ വീതിയിലുമാണ് നവീകരിക്കുന്നത്. പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കുന്നതിന് കല്ലുകൾ സ്ഥാപിച്ച് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹികാഘാതപഠനം പൂർത്തീകരിച്ചിട്ടുണ്ട്. സാമൂഹികാഘാതപഠന റിപ്പോർട്ടിന്മേലുള്ള പഠനത്തിനായി വിദഗ്ദ്ധ സമിതിക്ക് രൂപം നൽകി. പഠന റിപ്പോർട്ടിന് വിദഗ്ദ്ധസമിതിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് തുടർ സർവ്വേ നടപടികൾ ആരംഭിക്കാനാകുമെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിൽ

നെടുമങ്ങാട് മുതൽ അരുവിക്കര ഡാം വരെയുള്ള ഭാഗം ബി.എം & ബി.സി. നിലവാരത്തിലാണ് നവീകരിക്കുന്നത്. അരുവിക്കര ഡാം മുതൽ കുളക്കോടുവരെയുള്ള ഭാഗം എഫ്.ഡി.ആർ. സാങ്കേതികവിദ്യയിലും നവീകരിക്കും. എഫ്.ഡി.ആർ. പ്രവൃത്തി ആദ്യം ടെണ്ടർ നേടിയ കരാറുകാരൻ ഏറ്റെടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്ത് കരാർ കമ്പനിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുവാനാവശ്യമായ ഭൂമി അഡ്വാൻസ് പൊസഷനായി ഏറ്റെടുക്കാമെന്ന് ജനപ്രതിനിധികളുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എഫ്.ഡി.ആർ.-ന് മുന്നോടിയായുള്ള ക്രോസ്, ഡക്റ്റ്, ഡ്രെയിനേജ്, റീട്ടെയിനിംഗ് വാൾ, കൾവർട്ട് എന്നീ പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ സാധിക്കും. എന്നാൽ എഫ്.ഡി.ആർ. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതായുണ്ട്. നിലവിലുള്ള കരാർ കമ്പനിയെ ഉപയോഗപ്പെടുത്തി റോഡിന്റെ റെക്റ്റിഫിക്കേഷൻ പ്രവൃത്തി നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജി. സ്റ്റീഫൻ തുടർച്ചയായി ഇടപെടുന്നുണ്ട്. അദ്ദേഹം മുന്നോട്ടുവച്ചിട്ടുള്ള

കാര്യങ്ങൾ എങ്ങനെ പരിഗണിക്കാമെന്നുള്ളത് പൊതുമരാമത്ത് വകുപ്പ് പരിശോധിക്കുമെന്നത് സഭയെ അറിയിക്കുകയാണ്.

(7) പരവൂർ -ഒല്ലാൽ റെയിൽവേ മേൽപ്പാല നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പതിറ്റാണ്ടുകളായുള്ള ആവശ്യമാണ് പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാല നിർമ്മാണം. 2017-18 കാലത്തെ എൽ.ഡി.എഫ്. സർക്കാരാണ് 36.75 കോടിരൂപ വിനിയോഗിച്ചുകൊണ്ട് ഇത് നടപ്പിലാക്കാൻ തീരുമാനിച്ചത്. റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. റെയിൽവേയോട് നിരന്തരം അഞ്ചുവർഷം ആവശ്യപ്പെട്ടിട്ടും റെയിൽവേയുടെ വർക്ക്പ്ലാനിൽ ഇതുൾപ്പെടുത്താൻ സാധിക്കാത്ത വിധത്തിൽ വളരെ വലിയ അവഗണനയാണ് കേന്ദ്ര ഗവൺമെന്റ് ഈ നാടിനോട് കാട്ടിയത്. 24-8-2022-ൽ നിയമസഭയിൽ അവതരിപ്പിച്ച ഒരു സബ്മിഷനിലൂടെ അങ്ങ് മുൻകയ്യെടുത്ത് ഒരു സ്പെഷ്യൽ ഓഫീസറെ പോസ്റ്റ് ചെയ്തു. 11-8-2023-ലാണ് വർക്ക് പ്ലാനിൽ ഇതിനെ ഉൾപ്പെടുത്തിയത്. നാലുമാസത്തിനകം ഇതിന്റെ ജി.എ.ഡി. തയ്യാറാക്കി റെയിൽവെയ്ക്ക്

നൽകിയെങ്കിലും 2024 ഫെബ്രുവരി മാസം 22 -ാം തീയതി ആ ജി.എ.ഡി. വീണ്ടും ക്വറിയെഴുതി സംസ്ഥാന സർക്കാരിന് തിരിച്ചയച്ചു. അതിനുശേഷം നാല് ദിവസം കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഓൺലൈനിലൂടെ അത് ഉദ്ഘാടനം ചെയ്യുന്ന കാഴ്ചയാണ് കണ്ടത്. ഇതിന്റെ സാങ്കേതികത്വം എന്താണെന്ന് മനസ്സിലാകുന്നില്ല. ഈ പാലത്തിന്റെ ആകെ ചെലവ് 36.75 കോടി രൂപയാണ്. അതിൽ റെയിൽവെ അനുവദിക്കുന്നത് പാലം പണിയുടെ 50 ശതമാനമായ 11.5 കോടി രൂപയാണ്. വർക്ക്പ്ലാനിൽ ഉൾപ്പെടുത്തിയാൽ ബാക്കി ഭൂമി ഏറ്റെടുക്കാനുള്ള തുകയും പാലത്തിന് ആവശ്യമായ ബാക്കി തുകയും കൂടി ഇരുപത്തിയഞ്ചര കോടിരൂപ സംസ്ഥാന സർക്കാരാണ് വിനിയോഗിക്കുന്നത്. എന്നിട്ടും ദക്ഷിണ റെയിൽവെ ഈ അവഗണന കാട്ടിക്കൊണ്ടിരിക്കുകയാണ്. അങ്ങ് മുൻകയ്യെടുത്ത് ദക്ഷിണ റെയിൽവെയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുമായി ചേർന്ന് സംയുക്ത മീറ്റിംഗ് ചേരാനും ജി.എ.ഡി. എത്രയും പെട്ടെന്ന് റെയിൽവെയെ കൊണ്ട് പാസാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസ്സിലെ മേൽപ്പാലം നിർമ്മാണം 2018-ൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. ആർ.ബി.ഡി.സി.കെ സമർപ്പിച്ച പദ്ധതിരേഖ കിഫ്ബി അംഗീകരിച്ച് 36.75 കോടി രൂപ അനുവദിക്കുകയും ചെയ്തു. നാടിന് വളരെ അത്യാവശ്യമായ പദ്ധതിയാണിത്. പിന്നീട് ഈ പദ്ധതി 2023-24 വർക്ക്പ്ലാനിൽ ഉൾപ്പെടുത്തിയെന്ന് റെയിൽവേ അറിയിച്ചതനുസരിച്ച് ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് സമർപ്പിച്ചു. എന്നാൽ സ്പെഷ്യൽ വെഹിക്കിൾ ലോഡിംഗിനനുസൃതമായ ഡിസൈൻപ്രകാരം ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് പുതുക്കി സമർപ്പിക്കുവാനാണ് റെയിൽവേ നിർദേശിച്ചത്. മേൽപ്പാലത്തിന്റെ ഡിസൈനിൽ മാറ്റങ്ങൾ വരുത്തുവാനും 19-03-2024-ന് റെയിൽവേ അറിയിച്ചു. റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കേണ്ടത് ആർ.ഡി.എസ്.ഒ. അംഗീകൃത റെയിൽവേ ജി.എ.ഡി. പ്രകാരമാണ്. എന്നാൽ എസ്.വി. ലോഡിംഗ് പ്രകാരമുള്ള ആർ.ഡി.എസ്.ഒ. അംഗീകൃത ജി.എ.ഡി. ഡ്രോയിംഗ്

ഇപ്പോൾ ലഭ്യമല്ല. ഇത് പല പദ്ധതികളെയും വല്ലാതെ ബാധിക്കുന്നുണ്ട്. ഇത് റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അത് ലഭ്യമാക്കാൻ റെയിൽവേയോടും ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലെ ആർ.ഡി.എസ്.ഒ. അംഗീകൃത ഡ്രോയിംഗ് ലഭ്യമാക്കാത്തതിനാൽ അത് ലഭ്യമാക്കുന്നതുവരെ നിബന്ധനകൾക്ക് വിധേയമായി ജി.എ.ഡി.-കൾ അംഗീകരിക്കാമെന്ന് 20-06-2024-ലെ കത്ത് മുഖേന റെയിൽവേ അറിയിച്ചിട്ടുണ്ട്. ഇതിൽ എം.എൽ.എ. ശ്രീ. ജി. എസ്. ജയലാലിന്റെ തുടർച്ചയായ ഇടപെടലുണ്ട്. അദ്ദേഹം ഇതിനുവേണ്ടി ഓടിക്കൊണ്ടിരിക്കുകയാണ്. പിന്നാലെ പി.ഡബ്ല്യൂ.ഡി.-യുമുണ്ട്. ആവശ്യമായ മാറ്റങ്ങൾ വരുത്തി ജി.എ.ഡി. എത്രയുംവേഗം റെയിൽവേയിൽ സമർപ്പിക്കുന്നതാണ്. അതിന് ആർ.ബി.ഡി.സി.കെ. എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് യോഗങ്ങൾ എന്തെങ്കിലും വേണമെങ്കിൽ അതും പരിശോധിച്ച് നടത്താനാകുമോയെന്നുള്ളത് ആർ.ബി.ഡി.സി.കെ. എം.ഡി.-യുമായി പരിശോധിച്ച് നിശ്ചയിക്കാം.

(8) കൃഷ്ണപുരം-മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാല നിർമ്മാണം

ശ്രീമതി യു. പ്രതിഭ: സർ, കായംകുളത്തെ കൃഷ്ണപുരം-മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലത്തിന് 2018-ലാണ് 31 കോടി രൂപ കിഫ്ബി അനുവദിച്ചത്. ഭൂമി ഏറ്റെടുക്കലും നോട്ടിഫിക്കേഷനും 2022 -ൽ സ്വകാര്യ വ്യക്തിയിൽനിന്നും ഭൂമി ഏറ്റെടുക്കൽ അടക്കം എല്ലാ പ്രൊസീജ്യുവറും കഴിഞ്ഞതിനുശേഷം 2023-ൽ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി ആവശ്യപ്പെട്ടു. ആർ.ഒ.ബി. നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി 06-11-2023-ൽ ലഭ്യമായി. പുതുക്കിയ സാമ്പത്തികാനുമതിക്കായി 2023-ൽ കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. 01-2-2024 -ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ചോദിച്ച ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽ, റെയിൽവെ ജി.എ.ഡി.-യുടെ അംഗീകാരം 9-11-2022-ൽ റെയിൽവേയിൽനിന്നും ലഭ്യമായിട്ടുണ്ടെന്നും നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി 6-11-2021-ൽ ലഭ്യമായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 36.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും പുതുക്കിയ

സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണെന്ന് എനിക്ക് 01-01-2024-ൽ മറുപടി നൽകിയിട്ടുണ്ട്. എട്ട് മാസമായിട്ടും കിഫ്ബിയുടെ ഭാഗത്തുനിന്നും വലിയൊരു അനാസ്ഥയാണ് നിലനിൽക്കുന്നത്. പലതവണ കിഫ്ബിയുമായി ബന്ധപ്പെട്ടുമ്പോഴും കിഫ്ബി ഓരോ ന്യായം പറഞ്ഞുകൊണ്ടിരിക്കുകയാണ്. 2018-ൽ ഇത് അനുവദിച്ചതാണ്. വലിയ തരത്തിലുള്ള പ്രതിഷേധങ്ങളും ഒരുപാട് അപവാദ പ്രചരാണങ്ങളും ആ ഭാഗത്തുനിന്നും വരുന്നുണ്ട്. കിഫ്ബി ഇതിനുശേഷം നടത്തിയ പല പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടും...... അതിനിടക്ക് വളരെ രസകരമായൊരു സംഭവം നടന്നു. ശ്രീ. നരേന്ദ്ര മോദി ഇവിടെ സന്ദർശിക്കുകയും തെരഞ്ഞെടുപ്പിന് രണ്ടുമാസം മുമ്പ് കല്ലിടുകയും ചെയ്തതാണ്. ടെണ്ടർ ചെയ്യാത്ത ഈ പാലത്തിന് കല്ലിട്ട് പോകുന്നൊരു സമീപനവുംകൂടി അവിടെ നടന്നിട്ടുണ്ട്. സ്ഥലം പോലും ഏറ്റെടുക്കാത്ത മറ്റൊരു ആർ.ഒ.ബി.-ക്കും കല്ലിടുന്ന നടപടി ക്രമങ്ങൾ അവിടെ നടന്നു. ഇതെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. പക്ഷേ കിഫ്ബിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഈ ഡിലേ അനുവദിക്കാൻ

സാധിക്കുന്ന കാര്യമല്ല. അടിയന്തരമായി ടെണ്ടർ ചെയ്ത് നടപടിക്രമങ്ങൾ വേഗത്തിലാക്കി തരണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബഹുമാന്യയായ യു. പ്രതിഭ ഇവിടെ ഉന്നയിച്ച വിഷയം കിഫ്ബി പദ്ധതിയിൽപ്പെട്ടതാണ്. 10-07-2017-ൽ ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിച്ചു. പദ്ധതിക്ക് 36.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിലായി പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ആവശ്യമുണ്ട്. ഇതിൽ സ്വകാര്യ വ്യക്തികളിൽനിന്നുമുള്ള മുഴുവൻ ഭൂമിയും കായകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ ഏറ്റെടുത്ത് കൈമാറിയതാണ്. ആർ.ഒ.ബി.-യുടെ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള ഭൂമിയും കൃഷ്ണപുരം വില്ലേജാഫീസിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും 13 sq.m ഭൂമിയും ലാൻഡ് ട്രാൻസ്ഫർ മുഖേന ഏറ്റെടുക്കുന്ന നടപടികൾ ജില്ലാകളക്ടറുടെ ഓഫീസിൽനിന്ന് സ്വീകരിച്ചുവരുന്നു. റെയിൽവേ ജി.എ.ഡി.-യുടെ അംഗീകാരം 9-11-2022-ൽ

റെയിൽവേയിൽനിന്ന് ലഭ്യമായി. പദ്ധതിയുടെ ചെലവ് ചുരുക്കുന്നതിനും പദ്ധതി ഘട്ടംഘട്ടമാമയി നടപ്പാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ച് കിഫ്ബി അംഗീകരിച്ചതിനുശേഷമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂവെന്ന് കിഫ്ബി നിർദ്ദേശമുണ്ട്. ഘട്ടംഘട്ടമായുള്ള നിർമ്മാണം പ്രായോഗികമല്ലെന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പദ്ധതിപൂർത്തീകരണത്തിന് ആവശ്യമുള്ളതാണെന്നും ആയതിനാൽ ടെണ്ടർ നടപടികൾക്കായുള്ള അനുവാദം നൽകണമെന്നും ആർ.ബി.ഡി.സി.കെ. കിഫ്ബിയെ അറിയിച്ചിരുന്നു. എന്നാൽ 08-05-24- ൽ ട്രാഫിക് സർവ്വേയുടെ ഭാഗമായി axial load സർവ്വേ നടത്താൻ കിഫ്ബി ആവശ്യപ്പെട്ടു. കിഫ്ബി അംഗീകരിച്ച വിശദമായ പദ്ധതി രേഖപ്രകാരമാണ് ട്രാഫിക് കണക്കാക്കിയിട്ടുള്ളതെന്നും ഇപ്പോൾ സർവ്വേ നടത്തിയതിനാൽ പദ്ധതി ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുമെന്നും കിഫ്ബിയെ അറിയിച്ചിട്ടുണ്ട്. 16-05-24-ന് കിഫ്ബി പ്രതിനിധികൾ സൈറ്റ് വിസിറ്റ് നടത്തി ചില ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച വിശദമായ പദ്ധതിരേഖപ്രകാരം തയ്യാറാക്കിയ പ്രിലിമിനറി

ഡ്രോയിംഗ്സ് പ്രകാരമെടുത്ത എസ്റ്റിമേറ്റിൽനിന്നും വീണ്ടും ചില മാറ്റങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. നിലവിൽ കിഫ്ബി ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ ആർ.ബി.ഡി.സി.കെ. പരിശോധിച്ചുവരികയാണ്. അതെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാൻ ആർ.ബി.ഡി.സി.കെ.-യ്ക്ക് പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. ബഹുമാന്യയായ എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ കിഫ്ബിയുമായി ചർച്ച ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമെന്ന കാര്യവും സഭയെ അറിയിക്കുന്നു.

(9) കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ്: സർ, കോട്ടയം ജില്ലയിലെ കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ട കുറവിലങ്ങാട് ഗവൺമെന്റ് താലൂക്കാശുപത്രിയിൽ ആയിരക്കണക്കിന് ആളുകളാണ് ചികിത്സ തേടിവരുന്നത്. 2009-ൽ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തെങ്കിലും ആ നിലവാരത്തിലേയ്ക്ക് ഇതുവരെ മാറ്റിയെടുക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താനും അവിടെ ഇന്നുള്ള അസൗകര്യങ്ങൾ പരിഹരിക്കുവാനും ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിന് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും മന്ത്രിയുടെ പര്യടന പരിപാടിയുടെ ഭാഗമായും ആശുപത്രി മന്ത്രി സന്ദർശിക്കുകയും നേരിട്ട് ഇക്കാര്യങ്ങൾ ബോധ്യപ്പെടുകയും ചെയ്തതിൽ സന്തോഷമുണ്ട്. അതേ തുടർന്ന് ജനങ്ങൾ വലിയ പ്രതീക്ഷയിലാണ്. ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന 33 കോടി രൂപയുടെ പ്രോജക്ട് കെട്ടിട നിർമ്മാണം ഉൾപ്പെടെ താലൂക്ക് ആശുപത്രിക്കാവശ്യമായ സ്ഥല സൗകര്യങ്ങളെല്ലാം ഉറപ്പുവരുത്തുന്നതാണ്. ഇത് കിഫ്ബിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഹൗസിംഗ് ബോർഡ് മുഖാന്തരം പ്രോജക്ട് തയ്യാറാക്കി ഭരണാനുമതി നൽകിയെങ്കിലും ഇതിന്റെ നിർമ്മാണാനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. ഇവിടെ ഒരു ഡോക്ടറുടെ സേവനം അത്യാവശ്യം ക്രമീകരിച്ചിട്ടുണ്ട്. എങ്കിലും താലൂക്കാശുപത്രിയെന്ന നിലയിലുള്ള മുഴുവൻ സമയ സേവനവും ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്ന നിലയിലേയ്ക്ക് മാറണമെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഈ സാമ്പത്തികവർഷം കുറവിലങ്ങാട് താലൂക്കാശുപത്രിയെ ആ

നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലാണ് കുറവിലങ്ങാട് താലൂക്കാശുപത്രി സ്ഥിതി ചെയ്യുന്നത്. ഈ ആശുപത്രിയിൽ അംഗീകൃത കിടക്കകളുടെ എണ്ണം 54-ഉം ഫങ്ഷണൽ ബെഡ്ഡുകളുടെ എണ്ണം 34-ഉം ആണ്. പ്രതിദിന ശരാശരി ഒ.പി. 480-ഉം മാസംതോറുമുള്ള ശരാശരി ഐ.പി. 55-ഉം ആണ്. നിലവിൽ 9 ഡോക്ടർമാരുണ്ട്. ഡോക്ടർമാരുടെ തസ്തികകൾ ഒഴിവില്ല. അതുകൂടാതെ ഇതര വിഭാഗം ജീവനക്കാർ 38 പേരുൾപ്പെടെ സ്ഥിരം ജീവനക്കാരുടെ 47 അംഗീകൃത തസ്തികകളാണ് ഈ ആശുപത്രിയിലുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം. സ്പെഷ്യൽ ഡോക്ടറുടെയും (പീഡിയാട്രീഷൻ) സേവനം നൽകിവരുന്നുണ്ട്. ഇതുൾപ്പെടെ 4 ജീവനക്കാർ എൻ.എച്ച്.എം.-ൽനിന്നും 11 ജീവനക്കാർ എച്ച്.എം.സി.-യിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ആകെ 62 ജീവനക്കാരുടെ സേവനമാണ് ഈ

ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുള്ളത്. ഈ സർക്കാരിന്റെ കാലയളവിൽ 3 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ക്ലാർക്ക്-1, ഫാർമസിസ്റ്റ്-1, സ്റ്റാഫ് നഴ്സ്-1. സംസ്ഥാന പദ്ധതി പ്രകാരം പ്ലാൻ ഫണ്ടിൽനിന്നും ഒരുകോടി രൂപ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. ആശുപത്രിയിലുണ്ടായിരുന്ന ഇലക്ട്രിക്കൽ പ്രശ്നം പരിഹരിച്ചു. ജനറേറ്റർ കൂടാതെ യു.പി.എസ്., ഇൻവെർട്ടർ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ 33.43 കോടി രൂപയുടെ എസ്.പി.വി. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡാണ്. വിശദമായി പദ്ധതി റിപ്പോർട്ട് ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും ഗൃഹ മാനദണ്ഡപ്രകാരമുള്ള ഡിസൈൻ റിവ്യൂ ഉൾപ്പെടെയുള്ള പരിശോധനകളും എം.ഇ.പി. വർക്കുമായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകളുടെ പരിശോധനയും നിലവിൽ കിഫ്ബിയിൽ നടക്കുന്നുണ്ട്. ഗൃഹ ത്രീ സ്റ്റാർ റേറ്റിംഗ് ബാധകമായ പദ്ധതിയായതിനാൽ ഇതുസംബന്ധിച്ച വിശദമായ പരിശോധന നടക്കേണ്ടതുണ്ട്. അതിനാലാണ് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതെന്നാണ് കിഫ്ബിയിൽനിന്നും

അറിയിച്ചിട്ടുള്ളത്. എന്നാലും അടുത്ത അവരുടെ കമ്മിറ്റിയിൽവച്ച് അത് പാസ്സാക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ ആ സ്ഥലത്തിന്റെ പ്രത്യേകത കൂടി പരിഗണിച്ചുകൊണ്ട് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ പേവാർഡ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സാധ്യത പരിശോധിക്കുന്നതിനായി എം.ഡി.-യെ നിയോഗിച്ചിരുന്നു. അതിനുവേണ്ടി സ്ഥലം കണ്ടെത്തി, അതിന്റെ നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. സ്വീകരിക്കുന്നുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം താലൂക്കുതല ആശുപത്രികളിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. അതിൽ കുറവിലങ്ങാട് ആശുപത്രിയുടെ കാര്യവും പരിശോധിക്കുന്നുണ്ട്.

## (10) <u>കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

<u>ശ്രീ. എം. വിജിൻ</u>: സർ, 2019-ലാണ് കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നത്. മാതൃകാപരമായ നിരവധി ഇടപെടലുകൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ചില

പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് കാത്ത്ലാബിന്റേത്. മൂന്ന് കാത്ത്ലാബുകളാണ് മെഡിക്കൽ കോളേജിലുണ്ടായിരുന്നത്. നിലവിൽ 2 എണ്ണമാണ് പ്രവർത്തിക്കുന്നത്. അതിൽ ചില പരിമിതികളും നിലനിൽക്കുന്നു. പുതിയ കാത്ത്ലാബിനായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെ 2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും പുതിയ ലിനാക് മെഷീൻ വാങ്ങാനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. ഫണ്ട് ലഭ്യമല്ലാത്തതിനാൽ കാസ്പിൽ പ്രൊപ്പോസൽ നൽകാനും നിർദ്ദേശിച്ചു. അതിനുള്ള പ്രോപ്പോസലും നൽകിയിട്ടുണ്ട്. അതും വേഗത്തിലാക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. ട്രോമാകെയറിനായി ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചു. ടെൻഡർ നടപടികൾ ഇതുവരെയും തുടങ്ങിയിട്ടില്ല. ജീവനക്കാരുടെ ആഗീരണ പ്രക്രീയകൾ പൂർത്തീകരിച്ചിട്ടില്ല. മന്ത്രിസഭയുടെ അനുമതിയോടെ സൃഷ്ടിച്ച സ്ഥിരം തസ്തികകൾ സൂപ്പർ ന്യൂമററി തസ്തിക ആകുന്നതുവഴി ആനുകൂല്യങ്ങൾ

നഷ്ടപ്പെടാതിരിക്കാനും 22 നോൺ മെഡിക്കൽ വിഭാഗം അധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനും 2019-നുശേഷം ജീവനക്കാർക്ക് ഡി.എ. ലഭ്യമാക്കുന്നതിനും നിലവിൽ 37 പി.ജി. സീറ്റുകളുള്ള പ്രസ്തുത മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും അധ്യാപകരെ നിയമിക്കുന്നതിനും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്കും 35 കോടിയുടെ മെയിന്റനൻസ് വർക്കും വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആദ്യംതന്നെ ശ്രദ്ധ കേന്ദ്രീകരിച്ചത് കണ്ണൂർ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ആഗീരണ പ്രക്രീയ ആരംഭിക്കുന്നതിനാണ്. അത് വളരെ സങ്കീർണ്ണമായിരുന്നു. കാരണം സംസ്ഥാനത്ത് ഇതുവരെയുണ്ടായിട്ടില്ലാത്ത വിധത്തിൽ സഹകരണ സ്ഥാപനത്തിൽ ദീർഘനാളുകളായി ജോലി ചെയ്യുന്നവർ, പലതും ഡി.എം.ഇ.-യിൽ തസ്തികകളില്ലാത്ത ജീവനക്കാരായിരുന്നു. ആഗീരണ പ്രക്രിയയുടെ മാനദണ്ഡങ്ങൾ ആദ്യം നിശ്ചയിച്ചു. അതിനുശേഷം ജോയിന്റ് ഡി.എം.ഇ.

അവിടെച്ചെന്ന് അവരുമായി ആശയ വിനിമയം നടത്തി കൺസെന്റ് നോട്ട് വാങ്ങിച്ചു. ഇപ്പോൾ 147 അധ്യാപക തസ്തികകളിലേയ്ക്കാണ് ആഗീരണ പ്രക്രീയ നടന്നത്. നടപടികൾ പൂർത്തിയാക്കി. റെഗുലറൈസേഷനായി പി.എസ്.സി.-യുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. അത് ഫൈനൽ ഘട്ടത്തിലായിട്ടുണ്ട്. നിയമനങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി standalone വ്യവസ്ഥയിൽ നിയമിക്കപ്പെട്ട, ഡി.എം.ഇ. ലഭ്യമാക്കിയ 48 നഴ്സിംഗ് ഓഫീസർമാരുടെയും എൻട്രി കേഡറിൽ ജൂനിയർ-റ്റു-ജൂനിയർ മോസ്റ്റ് ഓപ്ഷൻ തെരഞ്ഞെടുത്ത ആദ്യഘട്ടത്തിലെ 178 നഴ്സിംഗ് ഓഫീസർമാരുടെയും റഗുലറൈസേഷൻ നടത്തുന്നതിനായി പി.എസ്.സി.-യുടെ ഉപദേശം തേടിയിട്ടുണ്ട്. ഇതുകൂടാതെ നഴ്സിംഗ് അധ്യാപകർ, ഡെന്റൽ അധ്യാപക-അനധ്യാപക ജീവനക്കാർ, ഫാർമസി അധ്യാപകർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്, ട്രോളി വർക്കേഴ്സ്, ടെയിലർ, മിനിസ്റ്റീരിയൽ, ഇതരവിഭാഗം ജീവനക്കാർ എന്നിവരുടെ അക്കോമഡേഷനായി സൃഷ്ടിച്ച 772 തസ്തികകളിലേയ്ക്കുള്ള ജീവനക്കാരുടെ അക്കോമഡേഷൻ നടപടികളാണ് നടന്നുവരുന്നത്. ഇത് അന്തിമഘട്ടത്തിലാണ്. ധനകാര്യ വകുപ്പിന്റെ അന്തിമ അനുമതിക്കായി ഈ

ഫയലുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതുകൂടാതെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച 22 തസ്തികകൾ ക്രിയേറ്റ് ചെയ്തിരുന്നില്ല. കാരണം അതിന് സമാനമായ തസ്തികൾ ഡി.എം.ഇ.-യിൽ ഉണ്ടായിരുന്നില്ല. അത് സൃഷ്ടിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പിന്റെ അന്തിമ അനുമതി ലഭ്യമാക്കുന്ന ഘട്ടത്തിലാണ്. ആക്സിഡന്റ് കേസുകൾ കൂടുതലായി വരുന്നത് കണ്ണൂർ മെഡിക്കൽ കോളേജിലാണെന്ന് മന്ത്രിയായി ചുമതല ഏറ്റെടുത്ത ശേഷം അവിടം സന്ദർശിക്കുമ്പോഴാണ് മനസ്സിലാക്കാൻ സാധിച്ചത്. അവിടെ പ്ലാസ്റ്റിക് സർജറി വിഭാഗം ഉണ്ടായിരുന്നില്ല. അതിന്റെ അനിവാര്യത ബോധ്യമായ ഉടൻതന്നെ പ്ലാസ്റ്റിക് സർജറി വിഭാഗം ആരംഭിക്കുകയും നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, മെഡിക്കൽ, ഗ്യാസ്ട്രോ എൻട്രോളജി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, നിയോനാറ്റോളജി, പീഡിയാട്രിക് സർജറി, യൂറോളജി, പ്ലാസ്റ്റിക് സർജറി ഈ വിഭാഗങ്ങൾക്കായി 31 അധ്യാപക തസ്തികൾ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം കാത്ത്ലാബിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. 2009-ൽ സ്ഥാപിച്ച രണ്ട് കാത്ത്ലാബുകളാണ് അവിടെയുണ്ടായിരുന്നത്. അത്

ഡികമ്മിഷൻ ചെയ്തു. അതിനുപകരമാണ് പുതിയത് വാങ്ങുന്നത്. അതിനായി പ്ലാൻ ഫണ്ടിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2013-ൽ സ്ഥാപിച്ച ഒരു മെഷീൻ നിലവിലുണ്ട്. അതുകൂടാതെ ഈ സർക്കാരിന്റെ കാലയളവിലൊരു പുതിയ കാത്ത്‌ലാബ് അവിടെ സ്ഥാപിച്ചു. നിരന്തമായിട്ടിവിടെ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കാണുന്നുണ്ട്. അതിനാൽ അവിടത്തെ കാർഡിയോളജി വിഭാഗവും കാത്ത്‌ലാബുമായും ബന്ധപ്പെട്ട് സമഗ്രമായൊരു അന്വേഷണം വേണമെന്നുള്ളത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി സമഗ്ര റിപ്പോർട്ട് സമർപ്പിക്കാൻ ഡി.എം.ഇ.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന് തുടർനടപടികൾ സ്വീകരിക്കും. ഇന്നലെയും ഇന്നുമായിട്ട് 80 കേസുകൾ ചെയ്തിട്ടുണ്ടെന്നാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്. ടെലികൊബാൾട്ട് മെഷീന്റെ കാര്യം പറഞ്ഞു. ടെലികൊബാൾട്ട് മെഷീൻ കാസ്പിൽനിന്നും വാങ്ങിക്കുന്നതിന് ആദ്യം പ്രൊപ്പോസൽ വന്നു. പിന്നീട് ടെലികോബാൾട്ട് മെഷീനുപകരം ലിനാക് മെഷീനാണ് എല്ലാവരും മുൻഗണന നൽകുന്നതെന്ന് പറഞ്ഞ് അതുവേണമെന്ന ആവശ്യം ഇപ്പോൾ എച്ച്.ഒ.ഡി. ഉന്നയിച്ചിട്ടുണ്ട്. അത് സർക്കാർ

പരിശോധിക്കുന്നതാണ്. ട്രോമാകെയറിന് രണ്ട് ഘട്ടങ്ങളിലായി 124 കോടി രൂപയാണ് അതിനുവേണ്ടി ഭരണാനുമതി നൽകിയത്. ആദ്യംഘട്ടം 57.69 കോടി രൂപ. രണ്ടാംഘട്ടം 37.47 കോടി രൂപ. വാപ്കോസാണ് നിർവ്വഹണ ഏജൻസി. ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി സൂക്ഷ്മപരിശോധനയ്ക്ക് ചെന്നൈ ഐ.ഐ.ടി.-യിൽ സമർപ്പിക്കുകയും 21-05-2024-ൽ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നവീകരണപ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ചത് 29.78 കോടി രൂപയാണ്. ആശുപത്രി പൂർണമായും അടച്ചിട്ടാൽ 10 മാസംകൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും. എന്നാൽ അങ്ങനെ ചെയ്യാതെ ഞാനും ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി പ്ലാൻ ചെയ്തു. ഇങ്ങനെ നവീകരണപ്രവർത്തനങ്ങൾ നടത്തുമ്പോൾ കൂടുതൽ തുക ആവശ്യമായി വന്നു. ഇപ്പോൾ ഏകദേശം 34 കോടി രൂപയോളമാണ് ചെലവായിട്ടുള്ളത്. അനുവദനീയമായ

തുകയുമപ്പുറത്തേക്കുള്ള നവീകരണപ്രവർത്തനങ്ങൾ അവിടെ നടക്കുകയാണ്. 2024 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്നുള്ളതാണ്. 7 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്. അതോടൊപ്പം വാർഡുകളുടെ കണക്കുകൾ പറയുന്നില്ല, **മേശപ്പുറത്ത് വയ്ക്കുകയാണ്***. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണപ്രവർത്തനങ്ങൾ ഐ.ആർ.ടി.സി. തുടങ്ങിയിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിന്റെ ഭാഗമായി ഫോറൻസിക് മെഡിസിനിൽ പുതിയ പി.ജി. കോഴ്സ് ആരംഭിക്കുന്നതിനും വിവിധ വിഭാഗങ്ങളിലായി പി.ജി. കോഴ്സിന്റെ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുമടക്കം 15 പി.ജി. സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷൻ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ നിരന്തരമായ ഇടപെടലുണ്ടായിട്ടുണ്ട്. കിഫ്ബി കൂടാതെ 136 കോടി രൂപ പ്ലാൻ ഫണ്ടിൽനിന്നും ലഭ്യമാക്കുകയും 500 കോടി രൂപ നോൺ പ്ലാൻ ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഈ ആശുപത്രി ഏറ്റെടുത്തപ്പോൾ 400 കോടി രൂപയാണ് സംസ്ഥാന സർക്കാർ വായ്പയിനത്തിൽ

---

* അനുബന്ധമായി ചേർക്കുന്നു

അടച്ചുതീർത്തത്. കഴിഞ്ഞദിവസം അവിടത്തെ ഐ.പി.- 631-ഉം ഒ.പി.- 1701-ഉം ആണ്. അതിലും വർദ്ധന കാണാൻ സാധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സവിശേഷമായ പ്രാധാന്യത്തോടെയാണ് കോളേജിന്റെ പ്രവർത്തനങ്ങൾ കാണുന്നത്.